# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6047　　　04/11/2016-ൽ മറുപടിയ്ക്ക്**

## കാസർഗോഡ് ജില്ലയിലെ മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. രാജഗോപാലൻ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |

കാസർഗോഡ് ജില്ലയിൽ ഏതൊക്കെ റവന്യൂ വില്ലേജുകളാണ് മത്സ്യത്തൊഴിലാളി ഗ്രാമങ്ങളായി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ തൊഴിൽ സുരക്ഷിതത്വവും സാമൂഹിക സുരക്ഷിതത്വവും നിലനിർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

കാസർഗോഡ് ജില്ലയിലെ മത്സ്യഗ്രാമങ്ങൾ ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മത്സ്യഗ്രാമം | ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ |
|---|---|---|
| 1. | മഞ്ചേശ്വരം | 1) കുഞ്ചത്തൂർ<br>2) ഹൊസ്ബെട്ടു |
| 2. | ഷിറിയ | ഷിറിയ |
| 3. | കോയിപ്പാടി | 1) കുമ്പള |
| | | 2) മൊഗ്രാൽ പുത്തൂർ |
| 4. | കാവുഗോളി | കുട്‌ലു |
| 5. | കസബ | 1) അടുക്കത്ത്ബയൽ<br>2) കാസറഗോഡ് |
| 6. | കീഴൂർ | 1) ചന്ദ്രഗിരി<br>2) കളനാട് |
| 7. | കോട്ടിക്കുളം | 1) ഉദുമ<br>2) പള്ളിക്കര-II |
| 8. | പള്ളിക്കര | പള്ളിക്കര |
| 9. | അജാനൂർ | 1) ചിത്താരി<br>2) അജാനൂർ |
| 10. | ഹോസ്ദുർഗ്ഗ് | 1) കാഞ്ഞങ്ങാട്<br>2) ബല്ല<br>3) ഹോസ്ദുർഗ്ഗ് |
| 11. | പുഞ്ചാവി | കാഞ്ഞങ്ങാട് |
| 12. | തൈക്കടപ്പുറം | 1) പടന്ന<br>2) നീലേശ്വരം |
| 13. | കാടങ്കോട് | 1) ചെറുവത്തൂർ<br>2) പിലിക്കോട് |
| 14. | പടന്നക്കടപ്പുറം | വലിയപറമ്പ |
| 15. | വലിയപറമ്പ | വലിയപറമ്പ |

ജില്ലയിൽ മേൽപ്പറഞ്ഞ 16 തീരദേശ

മത്സ്യഗ്രാമങ്ങൾ കൂടാതെ ഒരു ഉൾനാടൻ മത്സ്യഗ്രാമവുമുണ്ട്. തൃക്കരിപ്പൂർ ഉൾനാടൻ മത്സ്യഗ്രാമത്തിൽ കാസർഗോഡ് ജില്ലയിലെ മുഴുവൻ ഉൾനാടൻ മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്നു. ആയതിന്റെ റവന്യൂ വില്ലേജുകൾ വ്യത്യസ്തമായിരിക്കുമെന്നും അറിയിക്കുന്നു.

മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് KMFR (Kerala Marine Fisheries Regulation Act) ആക്ട് ഫലപ്രദമായി നടപ്പാക്കുന്നതിന് വകുപ്പ് തലത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് വരുന്നുണ്ട്. കൂടാതെ സാമൂഹിക സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി ജാഗ്രതാ സമിതികളിൽ വകുപ്പ് ക്രിയാത്മകമായി ഇടപെടുകയും, മത്സ്യത്തൊഴിലാളികൾക്ക് വകുപ്പ് തലത്തിൽ ബോധവൽക്കരണ പരിപാടികളും ക്യാമ്പുകളും സംഘടിപ്പിച്ചു വരികയും ചെയ്യുന്നുണ്ട്. സുരക്ഷിത പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിനായി ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം ഭവന നിർമ്മാണ ധനസഹായവും, മത്സ്യത്തൊഴിലാളി ഭവനങ്ങൾ നവീകരിച്ച് വാസയോഗ്യമാക്കുന്നതിന് ഭവനനവീകരണത്തിന് 50,000/- രൂപ വീതവും വ്യക്തിഗത ടോയ്‌ലറ്റ് നിർമ്മാണത്തിനായി 17,500/- രൂപ വീതവും ധനസഹായം ലഭ്യമാക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കാസർഗോഡ് ജില്ലയിലെ മത്സ്യഗ്രാമങ്ങളിൽ തൊഴിൽ സുരക്ഷിതത്വം നിലനിർത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നു.

1) 1. ഫ്രഷ് ഫിഷ് ടു ആൾ പദ്ധതിയിലുൾപ്പെടുത്തി ഷിറിയ , കോയിപ്പാടി എന്നീ

മത്സ്യഗ്രാമങ്ങളിലെ തെരെഞ്ഞെടുത്ത 11 ഗുണഭോക്താക്കൾക്ക് മത്സ്യവിപണനം നടത്തുന്നതിനായി 52,000/- രൂപ വീതം വില വരുന്ന ഇൻസുലേറ്റഡ് ബോക്സ് ഘടിപ്പിച്ച ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്തു.

2. ആഴക്കടൽ മത്സ്യബന്ധന പദ്ധതി യിലുൾപ്പെടുത്തി പള്ളിക്കര, കീഴൂർ എന്നീ മത്സ്യഗ്രാമങ്ങളിലെ തെരെഞ്ഞെടുത്ത 21 ഗുണഭോക്താക്കൾക്ക് 55,000/- രൂപ വീതം വരുന്ന ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തു.

3. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി യിലുൾപ്പെടുത്തി 2013-14, സാമ്പത്തിക വർഷത്തിൽ വലിയപറമ്പ മത്സ്യഗ്രാമത്തിൽ തെരഞ്ഞെടുത്ത 20 ഗുണഭോക്താക്കൾക്ക് ഫൈബർ കട്ടമരം വാങ്ങുന്ന തിന് 40,000/- രൂപ വീതം ധനസഹായം നൽകി.

സെക്ഷൻ ആഫീസർ